# തെങ്ങിൻ തോപ്പിലെ പൂകൃഷി

കെ.നിഹാദ്, വി.കൃഷ്ണകുമാർ,
പി.എം.ജേക്കബ്

വെയിൽ ലഭിക്കുന്ന നല്ല നീർവാർച്ചയും വളക്കൂറുമുള്ള മണ്ണാണ് പുഷ്പകൃഷിക്ക് അനുയോജ്യം. മുപ്പത് വർഷത്തിന് മേൽ പ്രായമുള്ള തെങ്ങിൻതോപ്പുകളിൽ വാണിജ്യാടിസ്ഥാനത്തിൽ വളർത്താൻ കഴിയുന്ന വാർഷിക പൂചെടികളാണ് ബന്ദി അഥവാ ചെണ്ടുമല്ലി, കോഴിപ്പൂവ്, വാടാമല്ലി തുടങ്ങിയവ. വർഷം മുഴുവൻ കൃഷി ചെയ്യാമെങ്കിലും മഴ കുറവുള്ള കാലത്താണ് ഇവയ്ക്ക് കൂടുതൽ വിളവ് ലഭിക്കുന്നത്. ഈ പൂക്കൾക്ക് കേരളത്തിന് അകത്ത് തന്നെ ധാരാളം ആവശ്യക്കാരുള്ളതിനാൽ കർഷകർക്ക് താൽപ്പര്യപൂർവം ഇതിൽ ഏർപ്പെടാവുന്നതാണ്.

## വിത്ത് പാകൽ

പൂക്കൾക്ക് ഏറ്റവുമധികം വില ലഭിക്കുന്ന ഡിസംബർ-മാർച്ച് കാലത്തേക്കുള്ള ഉത്പാദനത്തിനായി ആഗസ്റ്റ്-സപ്തംബർ മാസങ്ങളിൽ വിത്ത് പാകണം. വിളഞ്ഞുണങ്ങുന്ന പൂക്കൾ വിത്തിനായി ഉപയോഗിക്കാം. നല്ല ഇനം വിത്തുകൾ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതാണ് ഉത്തമം. ആഴം കുറഞ്ഞ പരന്ന ചട്ടികളിലോ ട്രേകളിലോ ആണ് വിത്ത് പാകേണ്ടത്. നീർവാർച്ചയ്ക്കായി ചട്ടിയുടെ മൂന്നിലൊന്ന് അടിഭാഗം കട്ടക്കഷണങ്ങളോ ചരലോ കൊണ്ട് നിറച്ചശേഷം രണ്ട് ഭാഗം വളക്കൂറുള്ള മണ്ണ്, ഒരു ഭാഗം മണൽ, ഒരു ഭാഗം ഉണങ്ങിയ ഇലപ്പൊടി അല്ലെങ്കിൽ കമ്പോസ്റ്റ് എന്ന അനുപാതത്തിൽ തയ്യാറാക്കിയ പോട്ടിംഗ് മിശ്രിതം നിറയ്ക്കണം. ഇതിൽ ഏകദേശം അര സെന്റിമീറ്റർ ആഴത്തിൽ ചാലുണ്ടാക്കി മണലുമായി കലർത്തി വിത്ത് പാകാം. വിത്ത് പാകിയ ശേഷം നനയ്ക്കണം. വിത്ത് മുളയ്ക്കുന്നതുവരെ ചട്ടിയിൽ ആവശ്യത്തിന് ഈർപ്പവും താപനിലയും നിലനിർത്തുന്നതിനായി പത്രക്കടലാസ് കൊണ്ട് മൂടുക. മുളച്ച് തുടങ്ങുമ്പോൾ ഈ ആവരണം മാറ്റി ചട്ടി ഇളംവെയിലത്തേക്കും രണ്ടുദിവസത്തിനുശേഷം നല്ല വെയിലിലേയ്ക്കും മാറ്റാവുന്നതാണ്. ദിവസേന നന ആവശ്യമാണ്.

## നിലമൊരുക്കൽ

തെങ്ങിന്റെ ചുവട്ടിൽനിന്നും രണ്ട് മീറ്റർ അകലത്തിൽ അര അടി പൊക്കത്തിൽ തവാരണകൾ എടുക്കണം. തൈചീയൽ പോലുള്ള രോഗങ്ങൾ തടയുന്നതിനായി സൂര്യതാപനം നടത്തുകയോ ട്രൈക്കോ ഡെർമ്മ തുടങ്ങിയ ഏതെങ്കിലും കുമിൾ നാശിനി (3ശതമാനം) ഉപയോഗിച്ച് മണ്ണ് കുതിർക്കുകയോ ചെയ്യാം. സൂര്യതാപനത്തിനായി ഒരു ചതുരശ്രമീറ്റർ സ്ഥലത്തിന് 20 മില്ലി ഫോർമാലിൻ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി മണ്ണിൽ ഒഴിച്ച് പ്ലാസ്റ്റിക് ചാക്കുകൊണ്ട് രണ്ട് ദിവസം മൂടിയിടുക. മണ്ണ് ജന്യ രോഗകീടാണുക്കളെ നശിപ്പിക്കുന്നതിന് വേണ്ടിയാണിത്.

കട്ടകളും കല്ലുകളും ഉടച്ചശേഷം കളകൾ നീക്കം ചെയ്യണം. ചതുരശ്ര മീറ്ററിന് അഞ്ച് കിലോ ഉണങ്ങിയ ചാണകവും കാൽകിലോ എല്ലുപൊടിയും മണ്ണിൽ ചേർത്ത് തടിപലകയോ മറ്റോ ഉപയോഗിച്ച് ഒരേ നിരപ്പിൽ നിരത്തിക്കൊടുക്കണം.

## പറിച്ചുനടീൽ

തൈകൾ നാലിലപ്രായത്തിലാണ് പറിച്ചുനടേണ്ടത്. നടുന്നതിന് ഒന്ന് രണ്ട് ദിവസം മുമ്പ് ജലസേചനം നിർത്തി തൈകൾ പാകപ്പെടുത്തണം. തലേന്ന് തവാരണ നന്നായി കുതിർക്കുന്നത് വേര് പൊട്ടാതെ തൈകൾ പറിച്ചെടുക്കാൻ സഹായിക്കും. വെയിൽ കുറഞ്ഞ സമയത്തോ വൈകുന്നേരമോ ഒന്നര-രണ്ടടി അകലത്തിൽ തൈകൾ പറിച്ച് നടാം.

## വിളപരിപാലനം

തൈനട്ട് ആദ്യ ആഴ്ചയിൽ ദിവസേന നന ആവശ്യമാണ്. പിന്നീട് മൂന്ന് ദിവസത്തിലൊരിക്കൽ നനച്ചാൽ മതിയാകും. നനയ്ക്കുന്ന വെള്ളം ചെടിയിൽ ശക്തമായി വീഴാതെ ശ്രദ്ധിക്കണം. ഓരോ നനയ്ക്ക് മുമ്പും മണ്ണ് ഇളക്കിക്കൊടുക്കുന്നത് നല്ലതാണ്. ഉണക്കച്ചാണകം (5 കിലോ), കടലപിണ്ണാക്ക് (1 കിലോ) 17:17:17 തുടങ്ങിയ മിശ്രവളം (ഒരുപിടി) എന്നിവ ഒരു ബക്കറ്റ് (25 ലിറ്റർ) വെള്ളത്തിൽ കലർത്തി ഇടയ്ക്കിടെ ഇളക്കി ഒരാഴ്ച വച്ചതിനുശേഷം പത്തിരട്ടി വെള്ളം ചേർത്ത് നേർപ്പിച്ച് രണ്ടാഴ്ചയിൽ ഒരിക്കൽ ചെടികൾക്ക് ഒഴിച്ചുകൊടുക്കണം. ഒരു മാസം വളർച്ചയെത്തിയ ചെടിയുടെ മുകുളങ്ങൾ നുള്ളിക്കളയണം. ഇതുവഴി കൂടുതൽ ശിഖരങ്ങളും അവയിൽ കൂടുതൽ പൂക്കളുമുണ്ടാകും. ചെടികൾ നട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ മൊട്ടിട്ടാൽ അവയും നുള്ളിക്കളയണം. ഒരടി പൊക്കമെത്തിയ ചെടികൾക്ക് മുളങ്കമ്പുകൾ നാട്ടി താങ്ങ് കൊടുക്കാം. പൂക്കൾ ഉണ്ടാകുന്ന സമയത്ത് രണ്ടാഴ്ചയിൽ ഒരിക്കൽ 50 ഗ്രാം മിശ്രവളം കൊടുക്കുന്നത് നല്ലതാണ്.

രണ്ടരമാസം മുതൽ പൂക്കൾ ലഭ്യമായിത്തുടങ്ങും. നാല് ദിവസത്തിൽ ഒരിക്കൽ വിളവെടുക്കാം. വെളുപ്പിന് വിളവെടുക്കുന്നതാണ് ഉത്തമം. വിളവെടുത്ത പൂക്കൾ രാവിലെ 10-11 മണിക്കകം വിപണിയിൽ എത്തിക്കാൻ ശ്രദ്ധിക്കണം. സീസൺ അനുസരിച്ച് കിലോയ്ക്ക് മുപ്പത് രൂപ മുതൽ വില ലഭിക്കും. രണ്ട് മൂന്ന് മാസംവരെ വിളവെടുക്കാവുന്നതാണ്.

മുതുകുളം ബ്ലോക്ക് തലത്തിൽ കൃഷി വകുപ്പ് മുഖേന നടത്തിയ ജനപങ്കാളിത്ത പുഷ്പകൃഷിയുടെ വിജയം ഇതിനൊരുദാഹരണമാണ്. വീട്ടുമുറ്റത്തെ വർണ്ണത്തിനപ്പുറം വാണിജ്യപ്രാധാന്യമുള്ള ഇടവിളകളാണ് ബന്ദി, വാടാമല്ലി, കോഴിപ്പൂവ് എന്നിവ. കൂടുതൽ സമയം വാടാതെ മാലകൾക്കും അലങ്കാരങ്ങൾക്കും വർണ്ണവിസ്മയം സൃഷ്ടിക്കുവാനുള്ള കഴിവാണ് ഇവയെ പുഷ്പവിപണിയിൽ പ്രിയമുള്ളതാക്കുന്നത്. ഇന്നും ഈ പൂക്കളുടെ കുത്തക അയൽ സംസ്ഥാനങ്ങൾക്കാണ് എന്നത് യോജിച്ച കാലാവസ്ഥയും മണ്ണുമുള്ള നാം ഓർക്കേണ്ടതാണ്. നമ്മുടെ തെങ്ങിൻ തോപ്പുകളിൽ ഇവ ചെറിയതോതിലെങ്കിലും കൃഷി ചെയ്യാനായാൽ ഈയൊരവസ്ഥയ്ക്ക് മാറ്റം വരുത്താനാവും എന്നതിൽ സംശയമില്ല.